**പരപ്പനങ്ങാടി നഗരസഭാ കാര്യാലയം**
പി.ഒ. പരപ്പനങ്ങാടി, മലപ്പുറം ജില്ല, പിൻ 676 303
തീയതി: 18/03/2022
ഫോൺ: 0494 2410239

# പരപ്പനങ്ങാടി നഗരസഭ ലേല/ ടെണ്ടർ പരസ്യം

പരപ്പനങ്ങാടി നഗരസഭയുടെ അധീനതയിലുള്ള താഴെ കാണിച്ച ഇനങ്ങളുടെ ലേല/ടെണ്ടർ നടപടികൾ **2022 മാർച്ച് 24 രാവിലെ 11 മണിക്ക് പരപ്പനങ്ങാടി നഗരസഭ ഓഫീസിൽ** വെച്ച് നടക്കുന്നതാണ്.

| ലേലം ചെയ്തു കൊടുക്കുന്ന ഇനം | ഇ.എം.ഡി | കാലാവധി |
|---|---|---|
| ബസ് സ്റ്റാന്റ് പ്രവേശന ഫീസ് പിരിവ് | 10,000/- | 2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെ |
| കംഫർട്ട് സ്റ്റേഷൻ | 5,000/- | 2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെ |

**പ്രധാനപ്പെട്ട ലേല കുത്തക നിബന്ധനകൾ ലേല കാലാവധി എന്നിവ താഴെ ചേർക്കുന്നു.**

1. എ) ലേലം/ ടെണ്ടറിൽ പങ്കെടുക്കുന്നവർ ഡെപ്പോസിറ്റ് സംഖ്യ റൊക്കം പണമായി ലേലം തുടങ്ങുന്നതിന് 30 മിനിട്ട് മുമ്പായി നഗരസഭയിൽ കെട്ടിവെയ്ക്കേണ്ടതാണ്.
   ബി) ലേലം/ടെണ്ടറിൽ പങ്കെടുക്കുന്നവർ ഫോട്ടോപതിച്ച തിരിച്ചറിയൽ രേഖസഹിതം ലേലം തുടങ്ങു ന്നതിന് മുമ്പായി ഹാജരാകേണ്ടതാണ്.
   സി) ജി.എസ്.ടി. ആവശ്യമായ ഇനങ്ങൾക്ക് നിയമാനുസൃത നിരക്കിൽ ജി.എസ്.ടി. അടവാക്കേണ്ടതാണ്.
2. ഏറ്റവും കൂടിയ സംഖ്യക്ക് ലേലം/ ടെണ്ടർ വിളിച്ചെടുക്കുന്ന ആളുടെ പേരിൽ ലേലം/ ടെണ്ടർ താത്കാ ലികമായി ഉറപ്പിക്കുന്നതും നഗരസഭയിൽ തീരുമാനത്തിന് വിധേയമായി സ്ഥിരപ്പെടുത്തുന്നതുമാണ്.
3. എ) ലേലം/ ടെണ്ടർ വിളിക്കേണ്ട വ്യക്തി ലേല തുകയിൽ കുറയാത്ത സംഖ്യക്ക് സ്വന്തം പേരിൽ സോൾവെൻസി സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.
   ബി) ലേലം/ ടെണ്ടർ വിളിച്ചെടുക്കുന്നയാൾ 200 രൂപയുടെ മുദ്രകടലാസിൽ സ്വന്തം ചെലവിൽ കരാർപത്രം എഴുതി സമർപ്പിക്കേണ്ടതാണ്. കൂടാതെ ലേലം/ ടെണ്ടർ തുകയുടെ 3 ൽ 1 ഭാഗം നഗരസഭയിൽ അടവാക്കണം. 2.36 ശതമാനം ഇൻകം ടാക്സും അടവാക്കണം. പാൻ കാർഡില്ലാത്തവർ 20% ആദായനികുതിയും അടയ്ക്കണം.
4. ലേലം/ ടെണ്ടർ ഗഡുക്കൾ ഓരോ മാസവും 5-ാം തീയതിക്കകം അടക്കേണ്ടതാണ്. അടവ് തെറ്റുക യാണെങ്കിൽ 18 ശതമാനം നിരക്കിൽ പിഴ പലിശ നൽകേണ്ടതും ഒരു ദിവസം ഗഡു തെറ്റിയാലും ഒരു മാസത്തേക്കുള്ള കണക്കിൽ പിഴപ്പലിശ ഈടാക്കുന്നതുമാണ്.
5. ലേലം/ ടെണ്ടർ സംഖ്യ മതിയാവില്ലെന്ന് തോന്നുന്ന പക്ഷമോ മറ്റു കാരണങ്ങളാലോ ലേലം നിർത്തി വെയ്ക്കാൻ സെക്രട്ടറിക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.
6. ലേലം/ ടെണ്ടർ ഗഡു 2 മാസത്തിൽ കൂടുതൽ മുടക്കം വന്നാൽ ലേലം/ ടെണ്ടർ ദുർബലപ്പെടുത്തി പുനർലേലം നടത്തുന്നതും അങ്ങിനെ വരുന്ന പക്ഷം ലേലം/ ടെണ്ടർ സംഖ്യ കുറഞ്ഞുപോയാൽ മുൻ ലേലക്കാരനിൽ നിന്നും നഷ്ടം ഈടാക്കുവാൻ നഗരസഭയിൽ അധികാരമുള്ളതുമാകുന്നു.
7. മുമ്പ് ലേലം/ ടെണ്ടർ വിളിച്ചെടുത്ത വകയിൽ നഗരസഭയിൽ കുടിശ്ശിക വരുത്തിയിട്ടുള്ളവർ ഈ ലേലത്തിൽ പങ്കെടുക്കുവാൻ അർഹരല്ല.

8. മത്സ്യമാർക്കറ്റ് മുറികളുടെ വാടകയുടെ കൂടെ നിയമാനുസൃതമുള്ള സേവന നികുതി കൂടെ അടക്കേണ്ടതാണ്.
9. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർ ആരുമില്ലാത്ത സാഹചര്യത്തിൽ പൊതുവിഭാഗക്കാർക്ക് ലേലം/ ടെണ്ടർ നടപടികളിലൂടെ മുറികൾ നൽകുന്നതാണ്.
10. ലഭിച്ചിട്ടുള്ള ലേലം/ ടെണ്ടറുകൾ കാരണം കൂടാതെ നിരസിക്കുന്നതിനുള്ള അധികാരം നഗരസഭാ കൗൺസിലിൽ നിക്ഷിപ്തമാണ്.
11. ലേലം/ ടെണ്ടറുകൾ സംബന്ധിച്ച എല്ലാ നിബന്ധനകളും ഇതിനും ബാധകമാണ്.

**കൂടുതൽ വിവരങ്ങൾ നഗരസഭയിൽ നിന്നും പ്രവൃത്തി ദിവസങ്ങളിൽ അറിയാവുന്നതാണ്.**

സെക്രട്ടറി
പരപ്പനങ്ങാടി നഗരസഭ

OFFICE OF THE PARAPPANANGADI MUNICIPALITY ★ PIN: [illegible]303
PARAPPANANGADI MUNICIPALITY